പത്രക്കുറിപ്പ്

# കോവിഡ്– 19

## തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തി അടച്ചുള്ള പരിശോധനയും ക്വാറന്റൈനിൽ കഴിയുന്നവരുടെ നിരീക്ഷണവും ശക്തമായി തുടരുന്നു.

## ഓണം : കോവിഡ് സുരക്ഷക്കായി പോലീസ് കൂടുതൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തി

## വിലക്ക് ലംഘനം: 55 പേർക്കെതിരെ കേസ്. മാസ്ക് ധരിക്കാത്ത 213 പേർക്കെതിരെയും സാമൂഹിക അകലം പാലിക്കാത്ത 31 പേർക്കെതിരെയും നടപടി. 48,800/- രൂപ പിഴ ഈടാക്കി.

തിരുവനന്തപുരം:- തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തി അടച്ചുള്ള കർശന പോലീസ് പരിശോധനയും ക്വാറന്റൈനിൽ കഴിയുന്നവരെ നിരീക്ഷിക്കുന്ന പ്രവർത്തനങ്ങളും ശക്തമായി തുടരുന്നതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതേസമയം ഓണത്തോടനുബന്ധിച്ച് കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതിനായി നഗരത്തിൽ കൂടുതൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായും കമ്മീഷണർ അറിയിച്ചു. കൂടാതെ സിറ്റി പോലീസ് ഇന്നലെ (26.08.2020) നടത്തിയ പരിശോധനയിൽ വിലക്ക് ലംഘനം നടത്തിയ 55 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ് പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്ത 213 പേരിൽ നിന്നും, സാമൂഹിക അകലം പാലിക്കാത്ത 31 പേരിൽ നിന്നുമായി 48,800/- രൂപ പിഴ ഈടാക്കുകയും ചെയ്തു.